# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെട്ടൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.8 /406/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 25/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.8 /406/2023 തീയ്യതി: 25/03/2023

## തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-06-2022 മുതൽ 05-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) | 06-03-2023 | 16-03-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-03-2023 | 16-03-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീ. പ്രവീൺ.എൻ.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ശ്രീജിത്ത്. എസ്.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മിനിമോൾ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീജ.ബി. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ഷാനികുമാർ.എസ്. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സബിത.എസ്.ആർ. | കൃഷി ഓഫീസർ | 01-04-2021 | 05-05-2021 |
| ശ്രീമതി ലക്ഷ്മി ഭാസി | കൃഷി ഓഫീസർ | 06-05-2021 | 29-09-2021 |
| ശ്രീമതി ആര്യ.എസ്.ആർ. | കൃഷി ഓഫീസർ | 30-09-2021 | 12-10-2021 |
| ശ്രീമതി ലക്ഷ്മി ഭാസി | കൃഷി ഓഫീസർ | 13-10-2021 | 20-10-2021 |
| ശ്രീ. രതീഷ് കുമാർ.ടി. | കൃഷി ഓഫീസർ | 21-10-2021 | 31-03-2022 |
| ഡോ.ബിനിരാജ് | വെറ്റിനറി സർജൻ | 01-04-2021 | 08-12-2021 |
| ഡോ.രശ്മി.ടി.എസ്. | വെറ്റിനറി സർജൻ | 09-12-2021 | 31-03-2022 |
| ഡോ.ഷാഹിം.എം. | മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി. | 01-04-2021 | 31-03-2022 |
| ഡോ.ആനന്ദ്.കെ.ജി. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി സിനി വിൽസൺ | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. അഭിലാഷ്.സി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1&2 | 01-04-2021 | 31-03-2022 |
| ശ്രീമതി അൻസീറ.ബി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. ഷാനികുമാർ.എസ്. | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി അഷീല.കെ.എം. | എച്ച്.എം.- ഗവ. എൽ.പി.എസ്. | 01-04-2021 | 31-03-2022 |
| ശ്രീമതി നിത്യ കുറുപ്പ് | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. വിനോദ്.ആർ.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 02-07-2021 |
| ശ്രീമതി ബീന.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-07-2021 | 31-03-2022 |
| ശ്രീ. വേണുഗോപാൽ.കെ.എൽ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 11-07-2021 |
| ശ്രീ. സജ്ജാദ്.എസ്.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 12-07-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | ഗ്രാന്റ് വിനിയോഗം | 1-3 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | ക്ഷേമ പദ്ധതികൾ | 1-5 |
| 7 | ക്യാഷ് പരിശോധന | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി -അവലോകനം | 1-8-1 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 12 | കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല. | 1-10 |
| 13 | കെട്ടിടങ്ങളെ നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-11 |
| 14 | ലേല വരവ് അക്കൌണ്ട് ചെയ്തതിലെ വ്യത്യാസം | 1-12 |
| 15 | ദുരിതാശ്വാസനിധി - അവലോകനം | 1-13 |
| 16 | സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി കാലിത്തീറ്റ കൂടുതൽ അളവിൽ ഒരുമിച്ച് നൽകി. | 1-14 |
| 17 | വാട്ടർ അതോറിറ്റി - നിക്ഷേപ പ്രവൃത്തികൾ - നടപടിക്രമങ്ങൾ പാലിക്കുന്നില്ല. | 1-15 |
| 18 | വിവിധ വാർഡുകളിൽ പോസ്റ്റ് ഷിഫ്റ്റിംഗ് -കെഎസ് ഇബിയിൽ ബാക്കി നിൽക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്. | 1-16 |
| 19 | തെരുവ് വിളക്ക് പരിപാലനം ക്രമപ്രകാരമല്ല. | 1-17 |
| 20 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ- പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ ഒഴിവാക്കണം | 1-18 |
| 21 | പാഥേയം-ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടവാക്കേണ്ടതാണ്. | 1-19 |
| 22 | നിർമ്മാണം പൂർത്തിയാക്കിയ എയ്റോബിക് ബിന്നുകൾ പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-20 |
| 23 | പദ്ധതി നിർവ്വഹണം-കരാറുകാരുമായി നിയമാനുസൃത കരാറിൽ ഏർപ്പെടേണ്ടതാണ്. | 1-21 |
| 24 | അസറ്റ് മാനേജ്മെന്റ്- സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-22 |
| 25 | സുഭിക്ഷ കേരളം ബയോഫ്ളോക്ക് മത്സ്യ കൃഷി പദ്ധതി -സബ്സിഡി മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല. | 1-23 |
| 26 | മത്സ്യതൊഴിലാളികൾക്ക് കട്ടമരം നൽകൽ പദ്ധതി- സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടണം. | 1-24 |
| 27 | ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട പദ്ധതി -കൃത്യമായ കരാറിൽ ഏർപ്പെട്ടിട്ടില്ല. | 1-25 |
| 28 | ഹരിതകർമ്മ സേന വയബിലിറ്റി ഗ്യാപ് ഫണ്ട് പദ്ധതി - നടപടിക്രമം പാലിച്ചില്ല | 1-26 |

| | | |
|---|---|---|
| 29 | ലൈഫ് മിഷൻ ഭവന പദ്ധതി -നടപടിക്രമങ്ങളിൽ അപാകത | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22ലെ ബജറ്റ്, ഭരണസമിതിയുടെ 1/1 തീയതി 24.02.2021-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 2/1 തീയതി 21.03.2022 -ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 299828 | 299828 |
| പ്രതീക്ഷിത വരവ് | 236963057 | 244904368 |
| ആകെ | 237262885 | 245204196 |
| പ്രതീക്ഷിത ചെലവ് | 236096057 | 244037368 |
| നീക്കിയിരിപ്പ് | 1166828 | 1166828 |

1)ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി തീയതി 02.12.2016 -ാം നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ്.[ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ നടന്നിട്ടില്ല.(ബജറ്റ് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല).

2)മേൽ ഉത്തരവ് പ്രകാരം വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്നും (ബജറ്റ് മാന്വൽ ഖണ്ഡിക 4-5) പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്നും ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയിട്ടില്ല.

3)വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ട താഴെപ്പറയുന്ന പ്രധാന രേഖകളും ലഭ്യമാക്കിയിട്ടില്ല.

എ) ബജറ്റ് പ്രസംഗം

ബി) ബജറ്റ് കുറിപ്പുകൾ

സി) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

ഡി) പെർഫോമൻസ് ബജറ്റ്

4) ILGMS സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയ വാർഷിക ധനകാര്യ പത്രികയിലെ അക്കൗണ്ട് കോഡുകളുമായി പൊരുത്തപ്പെടുത്തി പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

ബജറ്റിലെ ന്യൂനതകൾ വരുംവർഷങ്ങളിലെ ബജറ്റിൽ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 23/14.03.2023ന്റെ മറുപടി).

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (2)(എ)) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടുകളിന്മേലുള്ളക്കുറിപ്പുകൾ തയ്യാറാക്കണമെന്നും അതിൽ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്നുമുണ്ട്. ചട്ടം 62(2)(ബി) പ്രകാരം അക്കൗണ്ടിംഗ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കകർഷിക്കുന്നുണ്ട്.

എന്നാൽ, വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

സോഫ്റ്റ് വെയർ ക്രമീകരണം വരുന്നമുറയ്ക്ക് തുടർന്നുള്ള വർഷം അപാകം പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 21/13.03.2023ന്റെ മറുപടി).

2) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 17(2) പ്രകാരം, അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ സംബന്ധിച്ചതും, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചതും, തിരിച്ച് നൽകൽ / കുറവ് വരുത്തൽ എന്നിവ സംബന്ധിച്ചതും, എഴുതിത്തള്ളൽ എന്നിവ സംബന്ധിച്ചതും, പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചതുമായ പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ അക്കൗണ്ട് പുസ്തകങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ പുതിയ വിവരങ്ങളൊന്നും രേഖപ്പെടുത്തേണ്ടതില്ലെങ്കിൽ ഒരു ' ശൂന്യ പത്രിക' തയ്യാറാക്കേണ്ടതാണ്. പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കിയിട്ടില്ല.

വരും വർഷങ്ങളിൽ പരിഹരിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്.

3) ഇൻകം &എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ ചെലവ് ചെയ്തിരിക്കുന്നു (13,03, 097 രൂപയുടെ Deficit).

തനത് ഫണ്ടിൽ മുൻവർഷങ്ങളിൽ ബാക്കി നിന്ന തുക ചെലവഴിച്ചതിനാലാണ് വരവിനേക്കാൾ കൂടുതൽ തുക ചെലവിൽ കാണുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്.

4) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ)) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. വാർഷിക ധനകാര്യപത്രിക B-14 ഷെഡ്യൂൾ പ്രകാരം Stock In Hand (Inventories) 0 ആണ്.

ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ നിലവിൽ തുക രേഖപ്പെടുത്താതെ അളവ് മാത്രം രേഖപ്പെടുത്തി വരുന്നതിനാലാണ് സ്റ്റോക്കിന്റെ മൂല്യം എ.എഫ്.എസിൽ ഉൾപ്പെടുത്താത്തതെന്നാണ് വിശദീകരിച്ചിട്ടുള്ളത്.

5) B4ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായുള്ള 12,60,138 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. എന്നാൽ, B17 പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായുള്ള അക്കൗണ്ടിലെ (നമ്പർ 2959, സബ്ട്രഷറി വർക്കല) നീക്കിയിരിപ്പ് 2,00,840 രൂപയാണ്.

സംയുക്ത പ്രോജക്ടുകൾക്കായുള്ള അക്കൗണ്ട് 2018-19ലാണ് തുടങ്ങിയതെന്നും അതിനുമുൻപ് സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലാണ് നൽകിയിട്ടുള്ളതെന്നും പ്രസ്തുത തുകയാണ് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളതെന്നും വിശദീകരിച്ചിട്ടുണ്ട്.

6) 2020-21 ലെ പാർട്ട് ബില്ലുകളുടെ റിപ്പോർട്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 06/09.03.2023ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി) പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ചെലവ് | ഫണ്ട് |
|---|---|---|---|
| I | മങ്ങാട് മാടൻ നട ഐറിഷ് നിർമ്മാണം | 253312 | മെയിന്റനൻസ് ഫണ്ട്- റോഡ് |
| Ii | വെട്ടൂർ എഫ്എച്ച്സിയിൽ ടോയ് ലറ്റ് നിർമ്മാണം | 214298 | വികസനഫണ്ട് - ജനറൽ |
| Iii | കൈമാറി ലഭിച്ച ആശുപത്രികളിൽ എയ്റോബിക് ബിന്നും ഷെഡും സ്ഥാപിക്കൽ | 72000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| Iv | ഗവൺമെന്റ് സ്കൂളുകളിൽ എയ്റോബിക് ബിന്നും ഷെഡും സ്ഥാപിക്കൽ | 150000 | |
| V | വിളഭാഗം മാർക്കറ്റിൽ എയ്റോബിക് ബിന്നും ഷെഡും സ്ഥാപിക്കൽ | 150000 | |
| | ആകെ | 8,39,610 | |

എന്നാൽ, എ.എഫ്.എസ് B11(b) ഷെഡ്യൂൾ പ്രകാരം Capital Work In Progress 0 ആണ്.

7) നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ നീക്കിയിരിപ്പിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | 2020-21 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം (RP49 പ്രകാരം) | ആകെ | 2021-22 വർഷം വിനിയോഗിച്ചത് / തിരികെ ലഭിച്ചത് | 2021-22 B18/ B15 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 209495 | 414027 | 623522 | 0 | 623522 |
| കെ.എസ്.ഇ.ബി | 0 | 374179 | 374179 | 0 | 374179 |
| ഭൂജല വകുപ്പ് | 185000 | 0 | 185000 | 0 | 185000 |

ഭൂജല വകുപ്പിലുള്ള നിക്ഷേപത്തിന്റെ മുന്നിരിപ്പായി 1,85,000 രൂപയുണ്ടായിരുന്നു. മുനികുന്ന് കുടിവെള്ള പദ്ധതിക്കായി നൽകിയ തുകയിൽ 70,575 രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. ബാക്കി നിൽക്കുന്ന 1,14,425 രൂപയ്ക്ക് കുഴൽ കിണർ നിർമ്മിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, 1,85,000 രൂപ നീക്കിയിരിപ്പായി ബാലൻസ് ഷീറ്റിൽ (B-15)ഉൾപ്പെടുത്തിയിട്ടുണ്ട്. AFS തയ്യാറാക്കുന്ന സമയം വിനിയോഗ സാക്ഷ്യപത്രം ശ്രദ്ധയിൽപ്പെടാതിരുന്നതിനാലാണ് ബാലൻസ് ഷീറ്റിൽ 1,85,000 രൂപ ഉൾപ്പെടുത്തിയതെന്നും വരും വർഷത്തെ AFSൽ ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 20/13.03.2023ന്റെ മറുപടി).

8) കേരള വാട്ടർ അതോറിറ്റിയിൽ 2021-22 വർഷം വരെ നിലവിലുണ്ടായിരുന്ന തുക തിരികെ ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ, ഓഡിറ്റ് എൻക്വയറി നമ്പർ 07/10.03.2023ന്റെ മറുപടി

പ്രകാരം 08.02.2022ന് ലഭ്യമായ വിനിയോഗ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് മുതലായവയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | നിക്ഷേപം | വിനിയോഗിച്ച തുക | ബാക്കി |
|---|---|---|---|---|
| I | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-വിവിധ സ്ഥലങ്ങൾ | 439966 | 437702 | 2264 |
| Ii | മത്സ്യ ഭവന് കുടിവെള്ള കണക്ഷൻ | 13706 | 8506 | 5200 |
| Iii | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - കഴുത്തുമ്മൂട് | 67862 | 62925 | 4937 |
| Iv | വെന്നികോട്, വിളഭാഗം, മുനികുന്ന് അങ്കണവാടികളിൽ കുടിവെള്ള കണക്ഷൻ | 30000 | 21291 | 8709 |
| V | 25mmപൈപ്പ് ലൈൻ-ഫിഷറീസ് ഓഫീസ് | 22000 | 13859 | 8141 |
| Vi | 63 Mmപൈപ്പ് ലൈൻ – നീറത്തുവിള, താന്നിവിള | 74000 | 73684 | 316 |
| Vii | 40mmപൈപ്പ് ലൈൻ – താന്നിവിള ഇടവഴി | 60000 | 39410 | 20590 |
| Viii | ആയുർവേദ ആശുപത്രി - കാട്ടുവിള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 90000 | 80942 | 9058 |
| Ix | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- കൊച്ചുവിള കോളനി | 670000 | 499703 | 170297 |
| ആകെ | | 1467534 | 1238022 | 229512 |

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 01.07.2022 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16746741 | 16746741 | 17936165 | (-)1189424 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 0 | 6189351 | 6189351 | 5994000 | 195351 |
| വികസനഫണ്ട് (CFC Tied) | 0 | 9545345 | 9545345 | 2049063 | 7496282 |
| വികസനഫണ്ട് (CFC Untied) | 0 | 5523379 | 5523379 | 4822096 | 701283 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 5428900 | 5428900 | 3124575 | 2304325 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 4879154 | 4879154 | 3481562 | 1397592 |
| CSS | 0 | 0 | 0 | 929208 | (-)929208 |
| SSS | 0 | 0 | 0 | 4880000 | (-)4880000 |

1) വിവിധ ഫണ്ടുകളുടെ ചെലവ് ACR, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം വ്യത്യാസമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ACR പ്രകാരം | AFS പ്രകാരം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 17936165 | 15942781 | 15918481 |
| വികസനഫണ്ട് (എസ്.സി.പി) | 5994000 | 5698351 | 5698351 |
| വികസനഫണ്ട് (CFC Tied) | 2049063 | 2793620 | 2049063 |
| വികസനഫണ്ട് (CFC Untied) | 4822096 | 4822096 | 4822598 |

സുലേഖ സോഫ്റ്റ് വെയറിൽ Source Deductionഉൾപ്പെടെയുള്ള തുകയായതിനാലാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വ്യത്യാസത്തിന് കാരണമായി വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 10/10.03.2023ന്റെ മറുപടി).

2) CSS, SSSഎന്നീ ഫണ്ടുകളുടെ നീക്കിയിരിപ്പ് നെഗറ്റീവ് തുകയാണ്. പ്രസ്തുത ഫണ്ടുകൾ സാംഖ്യ വെബിൽ വരാത്തതാണ് ഇതിന് കാരണമായി വിശദീകരിച്ചിട്ടുള്ളത്.

3) <u>സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.</u>

ജി.ഒ(പി) 07/17/ധന തീയതി 23.01.17 നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് നിർവ്വഹണം നടത്താത്ത പക്ഷം, പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം, ജോയിന്റ് അക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്. എന്നാൽ, സംയുക്ത പ്രോജക്ടുകളുടെ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.(B -4 Schedule)

| Code Number | Particulars | Amount |
|---|---|---|
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) – From Block Panchayats | 12,14,000 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) –From District Panchayats | 46,138 |
| ആകെ | | 12,60,138 |

അവശേഷിക്കുന്ന തുക വരും വർഷങ്ങളിൽ പ്രോജക്ട് വച്ച് ചെലവഴിക്കുകയോ അല്ലായെങ്കിൽ നല്കിയ ഏജൻസിക്ക് തിരിച്ചുനല്കുകയോ ചെയ്യുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 21/13.03.2023ന്റെ മറുപടി).

4) B4ഷെഡ്യൂൾ പ്രകാരം Beneficiary Contribution ഇനത്തിൽ 4,24,214രൂപ ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. പ്രസ്തുത തുക ജലജീവൻ മിഷന്റെ ഗുണഭോക്തൃ വിഹിതമാണെന്നും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ഒടുക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്.

എന്നാൽ, ലെഡ്ജർ പരിശോധിച്ചതിൽ വാട്ടർടാങ്ക്, കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, ഫിഷറീസ് ഓഫീസർ മുതലായ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ എന്നിവയ്ക്കായി കളക്ട് ചെയ്ത ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുന്നതായി കാണുന്നു. തുടർ വർഷങ്ങളിൽ സ്പിൽ ഓവറായി പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

എ) പദ്ധതി നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | |
|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം |
| I | കൃഷി ഓഫീസർ | 11 | 11 | 0 | 100 |
| Ii | വെറ്റിനറി സർജൻ | 10 | 9 | 1 | 90 |
| Iii | മെഡിക്കൽ ഓഫീസർ - PHC | 8 | 8 | 0 | 100 |
| Iv | മെഡിക്കൽ ഓഫീസർ - ആയുർവേദം | 5 | 5 | 0 | 100 |
| V | ഫിഷറിസ് സബ് ഇൻസ്പെക്ടർ | 8 | 8 | 0 | 100 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20 | 18 | 2 | 90 |
| Vii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 8 | 0 | 100 |
| Viii | സെക്രട്ടറി | 34 | 30 | 4 | 88 |
| Ix | എച്ച്.എം. | 3 | 2 | 1 | 67 |
| X | അസിസ്റ്റന്റ് എഞ്ചിനീയർ | 55 | 35 | 20 | 64 |
| Xi | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 100 |
| Xii | അസിസ്റ്റന്റ് സെക്രട്ടറി | 4 | 4 | 0 | 100 |
| ആകെ | | 167 | 139 | 28 | 83 |

1)ആകെ വകയിരുത്തിയ ഫണ്ടായ10,26,56,202 രൂപയിൽ 5,21,01,224 രൂപ മാത്രമാണ് ചെലവഴിച്ചത് (51ശതമാനം) .

2)അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 55 മരാമത്ത് പ്രവൃത്തികളിൽ 20 എണ്ണം തൻവർഷം നടപ്പാക്കിയില്ല.

3)തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| I | SO150/22 | സ്നേഹസ്പർശം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| Ii | SO125/22 | പുതിയ പഞ്ചായത്ത് ഓഫീസിന്റെ ബാക്കി തുക | അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | നൽകൽ | |
| Iii | SO138/22 | കാകൻ കുന്ന് - കഴുത്തുംമൂട് റോഡ് കോൺക്രീറ്റിംഗ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| Iv | SO139/22 | എംസിഎഫ് നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |

ജില്ല പഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാൽ സ്നേഹസ്പർശം പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ലെന്നും എസ്.സി.പി ഫണ്ട് പൂർണമായും ചെലവഴിച്ചതിനാൽ കാകൻ കുന്ന് - കഴുത്തുംമൂട് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയുടെ ബിൽ മാറാൻ കഴിഞ്ഞില്ലായെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 01/06.03.2023ന്റെ മറുപടി). എം.സി.എഫ് നിർമ്മാണം 2022-23 വർഷം പൂർത്തീകരിച്ചതായും പുതിയ പഞ്ചായത്ത് ഓഫീസിന്റെ ബാക്കി തുക നൽകൽ എന്ന പദ്ധതിക്ക് ആർ.ജി.പി.എസ്.എ ഫണ്ട് ഉപയോഗിച്ച് കെട്ടിടംപണി പൂർത്തീകരിക്കാത്തതിനാൽ തുക കൈമാറിയിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്.

ബി)പദ്ധതി ആസൂത്രണം

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ)2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി, 20.01.2021ലെ 4/1-ാം നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി പുനഃ സംഘടിപ്പിച്ചിട്ടുണ്ട്.

ബി)2021-22 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 15.02.2021, 20.02.2021 എന്നീ തീയതികളിൽ ആസൂത്രണ സമിതി യോഗം ചേർന്നിട്ടുണ്ട്. 15.02.2021ലെ യോഗത്തിൽ വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ നിർദ്ദേശങ്ങൾ പരിശോധിച്ച് അവ വികസന സെമിനാറിൽ അവതരിപ്പിക്കുന്നതിന് തീരുമാനിച്ചു.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന ചുവടെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളുടെയും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി (അവലംബം- ഓഡിറ്റ് എൻക്വയറി നമ്പർ 26/14.03.2023ന്റെ മറുപടി) |
|---|---|---|---|---|
| I | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 27.01.2021 | പഞ്ചായത്ത് തല ജാഗ്രത സമിതി പുനഃ സംഘടിപ്പിക്കണം | ജാഗ്രത സമിതി പുനഃ സംഘടിപ്പിച്ചിട്ടുണ്ട്. |
| Ii | വിദ്യാഭ്യാസം, കല | 27.01.2021 | ലൈബ്രറിക്ക് സ്വന്തമായി ബൈലാ ഉണ്ടാക്കണം | ബൈലാ ഉണ്ടാക്കിയിട്ടില്ല. |
| Iii | മത്സ്യബന്ധനം | 27.01.2021 | വെട്ടൂർ മത്സ്യ ഗ്രാമം കേന്ദ്രീകരിച്ച് മത്സ്യ | ഫണ്ടിന്റെയും സ്ഥലത്തിന്റെയും പരിമിതി |

| | | | | |
|---|---|---|---|---|
| | | | മാർക്കറ്റ്, കോൾഡ് സ്റ്റോറേജ് എന്നിവ തുടങ്ങണം | കാരണം നടപ്പാക്കിയിട്ടില്ല. |
| Iv | കുടിവെള്ളം, ശുചിത്വം | 12.02.2021 | കുളത്തിൻകര കുളം നവീകരണം,<br>ഊറ്റുകുഴി ജലസ്രോതസ് പുനരുദ്ധാരണം | നടപ്പാക്കിയില്ല. |
| V | സാമൂഹ്യ ക്ഷേമം | 27.01.2021 | പകൽവീട് പ്രവർത്തനം പുനരാരംഭിക്കുക | 2022-23 വർഷം അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കി നടപ്പാക്കി വരുന്നു. |
| Vi | ദാരിദ്ര്യ ലഘൂകരണം | 12.02.2021 | എക്കോഷോപ്പ് | നടപ്പാക്കിയില്ല. |

സ്റ്റാറ്റസ് റിപ്പോർട്ട്

ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങളും നടപ്പാക്കിയ പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച നടപടി (അവലംബം-ഓഡിറ്റ് എൻക്വയറി നമ്പർ 26/14.03.2023ന്റെ മറുപടി) |
|---|---|---|---|---|
| I | മൃഗസംരക്ഷണവും ക്ഷീരവികസനവും | ഗുരുതരം | ഉയർന്ന ഉല്പാദന ചെലവ് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്ട് നടപ്പാക്കി. |
| Ii | മത്സ്യ ബന്ധനം | ഗുരുതരം | ഉല്പാദനോപാധികളുടെ ക്ഷാമം | മത്സ്യ തൊഴിലാളികൾക്ക് വല, കട്ടമരം എന്നിവ നല്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി. |
| Iii | ആരോഗ്യം | അതീവ ഗുരുതരം | ആയുർവേദ ഡിസ്പൻസറി-ശുദ്ധജല ലഭ്യത, പരിസ്ഥിതി സൗഹാർദ്ദമായ മാലിന്യ നിർമ്മാർജനം | വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചു. |
| Iv | | | ആയുർവേദ, സിദ്ധ ഡിസ്പെൻസറികൾക്ക് സ്വന്തമായ കെട്ടിടം | സിദ്ധ, ഹോമിയോ ഡിസ്പെൻസറികൾക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ഇല്ലാത്തതിനാൽ നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. |

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 69120 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 570800 | 44 |
| വിധവാപെൻഷൻ | 15318700 | 1090 |
| വാർദ്ധക്യകാലപെൻഷൻ | 27264800 | 2184 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 5023300 | 337 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210000 | 7 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ | 264800 | 18 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.03.2023, 10.15AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 41531രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ മേഖലയിൽ താഴെ പറയുന്ന വിഷയങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.
1)സ്റ്റാഫ് മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ നടത്തിയിട്ടുണ്ട്. എന്നാൽ, റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്.

2021ൽ പൗരാവകാശരേഖ പരിഷ്കരിച്ച് പൊതുജനങ്ങൾക്ക് ഗ്രാമസഭയിൽ വിതരണം ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്( ഓഡിറ്റ് എൻക്വയറി നമ്പർ 28/14.03.2023ന്റെ മറുപടി).

3)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കുന്നില്ല.

4) റിക്കോഡ് റൂം സജ്ജീകരിച്ചിട്ടുണ്ട്.

5)ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

6)വാട്ടർ അതോറിറ്റിയിലെ നിക്ഷേപ പ്രവൃത്തികളിൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

7)പാഥേയം-ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടവാക്കേണ്ടതാണ്.
8) ഓഫീസ് ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ നികുതി നികുതിയേതര വരുമാനങ്ങളുടെ ശേഖരണം രജിസ്റ്ററുകൾ സൂക്ഷിക്കൽ എന്നിവയിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.
9) പദ്ധതിച്ചെലവുകൾ, നടത്തിപ്പ് എന്നിവയിൽ കൃത്യമായ മോണിറ്ററിംഗ് നടത്തി ഫലപ്രാപ്തി വർദ്ധിപ്പിക്കേണ്ടതാണ്.

## 1-8-1 തൊഴിലുറപ്പ് പദ്ധതി -അവലോകനം

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (അവലംബം ഓഡിറ്റ് എൻക്വയറി നമ്പർ 12/10.3.2023ന്റെ മറുപടി)

| | |
|---|---|
| 2021-22 സാമ്പത്തിക വർഷത്തിൽ തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം- 53<br>അംഗങ്ങൾ- 59 |
| 2021-22 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | കുടുംബം- 1257<br>തൊഴിലാളികൾ-1310 |
| 2021-22 സാമ്പത്തിക വർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ | കുടുംബം- 1257 |

| | |
|---|---|
| എണ്ണം | തൊഴിലാളികൾ-1310 |
| 100 ദിവസത്തേക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുബങ്ങളുടെ എണ്ണം | 0 |
| തൊഴിൽ കാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | 2 |
| 15 ദിവസത്തിനകം തൊഴിൽ നൽകാനാകാതെ തൊഴിൽ രഹിത വേതനം നൽകേണ്ടി വന്നവ | - |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | - |
| 14 ദിവസത്തേക്ക് ഒന്നിച്ച് ഡിമാന്റ് ചെയ്തവരുടെ എണ്ണം | 1257 |
| ഗ്രാമ പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 171 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 171 |
| ആവശ്യമായ തൊഴിൽ ദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 168 |
| ആകെ വാർഡുകളുടെ എണ്ണം | 14 |
| ലേബർ ബജറ്റ് തയ്യാറാക്കിയ ഗ്രാമ സഭകളുടെ എണ്ണം | 14 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമ സഭകളുടെ എണ്ണം | 14 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 2076 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 177 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 118 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 63.9% |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങളുടെ എണ്ണം | 80323 |
| പരാതി രജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഉണ്ട് |
| അയൽക്കൂട്ടം,ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | - |
| ആസ്തി രജിസ്റ്റർ | ഉണ്ട് |
| ലേബർ കംപോണന്റ് | 23480555 |
| മെറ്റീരിയൽ കംപോണന്റ് | 1798954 |
| ആകെ വരവ് | 25819000 |
| ആകെ ചെലവ് | 25819000 |

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 263097 | 592440 | 855537 | 851710 | 3827 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25279812 | 25279812 | 25279812 | 0 |
| ആകെ | 263097 | 25872252 | 26135349 | 26131522 | 3827 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.01.2023 | 01.08.2021 മുതൽ 31.03.2022 വരെ | ലഭിച്ചില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.02.2020 | 2014-15 മുതൽ 2018-19 വരെ | 16.03.2020 |

## 1-10 കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം, (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207-ാം വകുപ്പ് പ്രകാരം) വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും നിയമത്തിലെ 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിന്റെ പരിശോധനയിൽ, ഗ്രാമപഞ്ചായത്തിലെ 7, 9, 13 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ലായെന്ന് വ്യക്തമാകുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ചതുരശ്രമീറ്റർ) |
|---|---|---|---|---|
| 1 | 7/100 | നടരാജൻ, കുന്നുവിള | പാർപ്പിടാവശ്യം | 70 |
| 2 | 9/20 | ജി. സരള, സരള മന്ദിരം | പാർപ്പിടാവശ്യം | 100 |
| 3 | 9/87 | സത്യവതി, സുദർശന മന്ദിരം | പാർപ്പിടാവശ്യം | 115 |
| 4 | 9/194 | ശ്രീലത, നീളത്തുവീട് | പാർപ്പിടാവശ്യം | 82 |
| 5 | 13/129 | ലൈലാബീവി, കൊട്ടുവിളാകം | പാർപ്പിടാവശ്യം | 116 |

സഞ്ചയ സോഫ്റ്റ് വെയർ ഡാറ്റാ എൻട്രി സമയത്തുള്ള സാങ്കേതിക കാരണങ്ങളാലാണ് കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യപ്പെടാത്തതെന്ന് വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നം.37 ന്റെ മറുപടി).
നികുതി ചുമത്തിയിട്ടില്ലാത്ത കെട്ടിടങ്ങൾ നേരിട്ട് പരിശോധിച്ച്, 60 ചതുരശ്രമീറ്ററിൽ കൂടുതലുള്ളവയ്ക്ക് നികുതി ചുമത്തുന്നതിനും അല്ലാത്തവയുടെ കൃത്യമായ വിസ്തീർണം സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഏതാനും വാർഡുകൾ പരിശോധിച്ചതിന്റെ വിവരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എല്ലാ വാർഡുകളുടെയും പരിശോധന നടത്തി അപാകങ്ങൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11 കെട്ടിടങ്ങളെ നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം വസ്തു നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ 9-ാം വാർഡിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ അസസ്മെന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ലായെന്ന് വ്യക്തമാകുന്നു.

വാർഡ് 9 (വിളബ്ഭാഗം)

| Missing From | Missing To | Missing Total |
|---|---|---|
| 3 | 3 | 1 |
| 7 | 7 | 1 |
| 10 | 10 | 1 |
| 16 | 16 | 1 |

| | | |
|---|---|---|
| 18 | 19 | 2 |
| 26 | 26 | 1 |
| 34 | 34 | 1 |
| 40 | 40 | 1 |
| 47 | 47 | 1 |
| 60 | 60 | 1 |
| 63 | 63 | 1 |
| 65 | 65 | 1 |
| 69 | 69 | 1 |
| 113 | 113 | 1 |
| 127 | 127 | 1 |
| 131 | 131 | 1 |
| 142 | 142 | 1 |
| 152 | 152 | 1 |
| 155 | 156 | 2 |
| 160 | 161 | 2 |
| 167 | 167 | 1 |
| 177 | 177 | 1 |
| 191 | 191 | 1 |
| 197 | 197 | 1 |
| 210 | 210 | 1 |
| 216 | 216 | 1 |
| 224 | 224 | 1 |
| 253 | 253 | 1 |
| 256 | 257 | 2 |
| 272 | 272 | 1 |
| 276 | 276 | 1 |
| 339 | 342 | 4 |
| 361 | 361 | 1 |
| 374 | 375 | 2 |
| 401 | 401 | 1 |
| 410 | 410 | 1 |
| 421 | 421 | 1 |
| 428 | 428 | 1 |
| 441 | 441 | 1 |
| 446 | 446 | 1 |
| 465 | 465 | 1 |
| 469 | 469 | 1 |
| 471 | 471 | 1 |
| 474 | 474 | 1 |
| 479 | 479 | 1 |
| 481 | 482 | 2 |
| 488 | 489 | 2 |
| 491 | 497 | 7 |
| 500 | 1110 | 611 |
| 1112 | 1180 | 69 |
| 1182 | 1210 | 29 |
| 1212 | 4699 | 3488 |
| | Total | 4261 |

സഞ്ചയ സോഫ്റ്റ് വെയർ ഡാറ്റാ എൻട്രി സമയത്തുള്ള സാങ്കേതിക കാരണങ്ങളാലാണ് കെട്ടിടങ്ങളുടെ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ഉൾപ്പെടാതെ പോയിട്ടുള്ളതെന്ന് വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 36-ന്റെ മറുപടി).
ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും വിവരങ്ങൾ പരിശോധിച്ച് അപാകം പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ലേല വരവ് അക്കൌണ്ട് ചെയ്തതിലെ വ്യത്യാസം

വാർഷിക ധനകാര്യ പത്രികയിലെ RP-5 പ്രകാരം Receipts From Sale Of Timber ഇനത്തിൽ 13000/-രൂപ വരവുണ്ട്. വനം വകുപ്പിൽ നിന്നുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മണ്ണാന്റെമൂല-മേലേച്ചിറ നടപ്പാതയിലെ ആഞ്ഞിലി മരം ലേലം ചെയ്ത വകയിൽ 9350/- രൂപയ്ക്ക് ശ്രീ. ശ്യാം ശശീന്ദ്രൻ എന്നയാളുടെ പേരിൽ ലേലം ഉറപ്പിക്കുകയും തുക അടവാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 3650/- രൂപയുടെ ലേലവരവിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 39ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക ഏതിനത്തിലെ വരവാണെന്നും തുകയുടെ ആധികാരികതയും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-13 ദുരിതാശ്വാസനിധി - അവലോകനം

2003-ലെ കേരളപഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് അടിയന്തര സഹായം നൽകുന്നതിനായി പഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്നും വേറിട്ടു സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകുന്നതിന് വ്യവസ്ഥ ചെയ്യുന്നു. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവരടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഇപ്രകാരം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി 27.5.22ൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിൽ 5000/- രൂപ അവശേഷിക്കുന്നു. കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്.

## 1-14 സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി കാലിത്തീറ്റ കൂടുതൽ അളവിൽ ഒരുമിച്ച് നൽകി.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | SO046/22 | |
| പേര് | കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി - ജനറൽ | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്(ജനറൽ) | 392000 | 373000 |
| ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) | 392000 | 373000 |
| ആകെ | 784000 | 746000 |
| ബിൽ നമ്പർ | 245/24.01.2022 തുക 112000<br>282/19.02.2022 തുക 168000<br>393/25.03.2022 തുക 93000 | |

40 ഗുണഭോക്താക്കൾക്ക് പ്രതിമാസം 100 കിലോ തീറ്റയുടെ വിലയായ 2800 രൂപയിൽ 1400/- രൂപ വീതം സ്ഥാപനത്തിൽ അടച്ച് വെറ്റിനറി സർജനിൽ നിന്നും പെർമിറ്റ് വാങ്ങി ക്ഷീര സംഘത്തിൽ ഹാജരാക്കി 7 മാസത്തേക്കുള്ള തീറ്റ കൈപ്പറ്റുന്നതിന് വിഭാവനം ചെയ്ത പ്രസ്തുത പ്രോജക്ട് അനുസരിച്ച് 10(1)/08.11.2021-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം കേരള ഫീഡ്സിന്റെ പ്രൊഫോമ ഇൻവോയ്സ് അംഗീകരിക്കുകയും തീറ്റ വിതരണത്തിന് പ്രിയദർശിനി ക്ഷീരോല്പാദന സഹകരണ സംഘത്തെ ചുമതലപ്പെടുത്തുകയും ചെയ്തു.

1) കേരള ഫീഡ്സിന്റെ 07.10.2021ലെ കത്ത് പ്രകാരം കാലിത്തീറ്റയുടെ ഇറക്കുകൂലി നിർവ്വഹണ ഉദ്യോഗസ്ഥനോ ക്ഷീരോല്പാദക സഹകരണ സംഘമോ വഹിക്കേണ്ടതാണെന്ന്

അറിയിച്ചിട്ടുണ്ട്. കാലിത്തീറ്റയുടെ ഇറക്ക് കൂലിയും മറ്റ് അനുബന്ധ ചെലവുകളും വഹിക്കുന്നതിന് ചാക്ക് ഒന്നിന് 30 രൂപ നിരക്കിൽ കൈകാര്യ ചെലവ് നൽകുന്നതായിരിക്കുമെന്നും ഈ തുക കാലിത്തീറ്റ വിതരണ പദ്ധതി പൂർത്തീകരിച്ച് കാലിത്തീറ്റയുടെ വില പൂർണമായും കമ്പനിയിൽ ലഭിച്ചതിനുശേഷം പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും നല്കുകയെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഇത് കൂടാതെ, കാലിത്തീറ്റയുടെ വില മുൻകൂറായി കമ്പനിയിൽ അടയ്ക്കുകയാണെങ്കിൽ അതിലേക്കുള്ള പ്രത്യേക ആനുകൂല്യമായി ചാക്ക് ഒന്നിന് 20 രൂപ അനുവദിക്കുന്നതാണെന്നും ഈ തുകയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും നൽകുകയെന്നുമുണ്ട്. ഇപ്രകാരം കൈകാര്യ ചെലവോ പ്രത്യേക ആനുകൂല്യമോ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കൈകാര്യചെലവിനുള്ള അപേക്ഷ, സംഘം സെക്രട്ടറിയിൽ നിന്നും ലഭിച്ചിട്ടില്ലായെന്നും വില മുൻകൂറായി അടച്ചിട്ടില്ലായെന്നും വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 02/09.03.2023ന്റെ മറുപടി). അർഹമായ ഇളവുകൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)സബ്സിഡി മാർഗരേഖ [സ.ഉ(കൈ)നം. 22/തസ്വഭവ തീയതി 14.02.2018] ഖണ്ഡിക 6.2(15) പ്രകാരം കറവയുള്ള ഒരു പശുവിന് ഒരു മാസം പരമാവധി 100 കിലോ കാലിത്തീറ്റ നൽകാമെന്നുണ്ട്. കൂടാതെ, ഏഴ് മാസം 2 ചാക്ക് തീറ്റ വീതം നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. എന്നാൽ, സാമ്പത്തിക വർഷം അവസാനിക്കാറായതിനാൽ 7 മാസം കാലയളവ് ഇല്ലാത്തതിനാൽ 1 മാസം 4 ചാക്ക് തീറ്റ വീതം നൽകിയാൽ മാത്രമേ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂവെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ കത്ത് പരിശോധിച്ച്, ഒരുമാസം 4 ചാക്ക് തീറ്റ വീതം വിതരണം ചെയ്യുന്നതിന് ഭരണ സമിതി (2/5 തീയതി 15.12.2021) തീരുമാനിക്കുകയും 40 പേർക്ക് ജനുവരി 2022ൽ 200 കിലോവീതവും ഫെബ്രുവരി 2022ൽ 300 കിലോ വീതവും മാർച്ച് 2022ൽ 200 കിലോ വീതവും വിതരണം ചെയ്തു.

ഏഴ് മാസം 100 കിലോഗ്രാം വീതം നൽകുന്നതിന് പകരമായി മൂന്ന് മാസം 700 കിലോഗ്രാം വീതം കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്. പൂർണമായി വിതരണം ചെയ്യുന്നതിനാണ് ഇപ്രകാരം കാലിത്തീറ്റ വിതരണം ചെയ്തതെന്ന് വിശദീകരിച്ചിട്ടുണ്ട്. ഒരുമിച്ച് കാലിത്തീറ്റ വിതരണം ചെയ്തതിനാൽ തീറ്റ ഒരുമിച്ച് സ്റ്റോക്ക് ചെയ്യുകയും തീറ്റയുടെ ഗുണ നിലവാരം കുറയാനുള്ള സാധ്യതയുണ്ടാകുകയും ചെയ്യുന്നു. സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായുള്ള നടപടിക്രമങ്ങൾ ഒഴിവാക്കേണ്ടതാണ്. പദ്ധതി പ്രായോഗികതലത്തിൽ പൂർത്തീകരിക്കുന്നതിനുള്ള കാലയളവ് മുന്നിൽ കണ്ട് ആവിഷ്കരിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-15 വാട്ടർ അതോറിറ്റി - നിക്ഷേപ പ്രവൃത്തികൾ - നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 98/22 |
| അടങ്കൽ | 414345/- ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 414027/- |
| ബിൽ നമ്പർ | 376/22.3.22 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതിക്കായി വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 4,14,027/-രൂപ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

സഉ(കൈ) നം11/2018/തസ്വഭവ തീ 29.01.2018 പദ്ധതി മാർഗ്ഗരേഖ ഖ.11.2 (ഡി) പ്രകാരം

ഡിപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക നൽകാവൂ എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ, വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല. ഓഡിറ്റ് അന്വേഷണം നം - 15 തീയതി 10.03.2023ന് മറുപടിയായി കരാർ വയ്ക്കുവാൻ വാട്ടർ അതോറിറ്റി തയ്യാറായിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. ഡിപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകുന്നതിനു മുമ്പ് സർക്കാർ ഉത്തരവ് പ്രകാരമുള്ള കരാർ വയ്ക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കരാർ വയ്ക്കുന്നതിന് വാട്ടർ അതോറിറ്റി തയ്യാറാകുന്നില്ല എന്ന വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 വിവിധ വാർഡുകളിൽ പോസ്റ്റ് ഷിഫ്റ്റിംഗ് -കെഎസ് ഇബിയിൽ ബാക്കി നിൽക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേര് | വിവിധ വാർഡുകളിൽ പോസ്റ്റ് ഷിഫ്റ്റിംഗ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 100/22 |
| അടങ്കൽ | 401500/-<br>ധനകാര്യ കമ്മീഷൻ അവാർഡ്-150000<br>വികസനഫണ്ട്-251000<br>തനത് ഫണ്ട്-500 |
| ചെലവ് | 374179/- |
| ബിൽ നമ്പർ | 251000/-421 /27.3.22<br>8268/-435/30.3.22<br>89193/-434/30.3.22<br>25718/-114 /11.11.21 |

1) ഗ്രാമപഞ്ചായത്തിലെ 3,4,6,11,12,13,14 വാർഡുകളിൽ പോസ്റ്റ് ഷിഫ്റ്റിംഗിനായി കെ.എസ്.ഇ.ബി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 3,74,179/-രൂപ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സഉ(കൈ) നം11/2018 /തസ്വഭവ തീ 29.01.2018 പദ്ധതി മാർഗ്ഗരേഖ ഖ.11.2 (ഡി) പ്രകാരം ഡിപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക നൽകാവൂ എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ, കെ.എസ് .ഇ.ബിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

2) കെ.എസ്.ഇ.ബി 2,59,268/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.

കെ.എസ്. ഇ.ബി.യിൽ ബാക്കി നിൽക്കുന്ന 1,14,911/-രൂപ തിരികെ ലഭ്യമായിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം-16തീയതി.10.03.2023)

3)തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.12.2018ലെ ഡി.എ1/881/2018 നമ്പർ സർക്കുലർ പ്രകാരം കെ.എസ്.ഇ.ബിയിൽ തുക ഡിപ്പോസിറ്റ് ചെയ്യുന്ന പ്രവൃത്തികളിൽ തുകയുടെ വിനിയോഗവും പദ്ധതി നിർവ്വഹണവും പഞ്ചായത്ത് കൃത്യമായി മോണിറ്റർ ചെയ്യണം എന്ന് നിഷ്കർഷിക്കുന്നു. അപ്രകാരം മോണിറ്ററിംഗ് നടത്തിയിട്ടില്ല.

നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകുന്നതിനു മുമ്പ് സർക്കാർ ഉത്തരവ് പ്രകാരമുള്ള കരാർ വയ്ക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കെ.എസ്. ഇ.ബിയിൽ ബാക്കി നിൽക്കുന്ന 1,14,911/-രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

## 1-17 തെരുവ് വിളക്ക് പരിപാലനം ക്രമപ്രകാരമല്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | തെരുവ് വിളക്ക് അറ്റകുറ്റപ്പണി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 77/22 |
| അടങ്കൽ | 3,50,000/-<br>വികസനഫണ്ട് (പൊതുവിഭാഗം സാധാ.വിഹിതം) |
| ചെലവ് | 3,36,300/- |
| ബിൽ നമ്പർ | 117800/-94/12.10.21<br>39900/-122/15.11.21<br>70300/-155/20.12.21<br>32300/-165/22.12.21<br>38000/-200/-12.1.22<br>38000/-379/22.3.22 |

പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015ലെ ജി2-44274/2015 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ തെരുവ് വിളക്ക് പരിപാലനത്തിന് പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)വാർഡ് തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുകയും പ്രതിമാസം പ്രവർത്തനപുരോഗതി വിലയിരുത്തുകയും ചെയ്തിട്ടില്ല.

2) ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തികവർഷാവസാനം ഇപ്രകാരമുള്ള Stock In Registerഉം Stock Out Registerഉം റികൺസൈൽ ചെയ്യേണ്ടതുമാണ്. പ്രസ്തുത രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

3)കരാറുകാരന്റെ ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം - 17തീയതി 10.03.2023.)

തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.09.2011-ലെ 3055/ഡി.എ).3/2011, 29.05.2018ലെ 269/ഡി.എ).3/2018 സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-18 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ-പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ ഒഴിവാക്കണം

| | |
|---|---|
| പദ്ധതിയുടെ പേര് | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 04/22 |
| അടങ്കൽ | 8,30,000/-<br>മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | 8,26,956/- |
| ബിൽ നമ്പർ | 14/23.6.21,16/24.6.21,17/24.6.21,27/2.8.21,44/24.8.21,72/25.9.21,106/28.10.21,142 /1.12.21,164/22.12.21,233/21.1.22,317/2.3.22,369/21.3.22<br>(68913/-പ്രതിമാസം) |

2021-22 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്കായി 8,26,956/- രൂപ ചെലവാക്കിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്നും നിലവിൽ ലഭ്യമാകുന്ന ബില്ലുകളിലും തുക കുടിശ്ശിക ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

ഉദാഹരണമായി 2022 മാർച്ച് മാസത്തെ ബിൽ വിവരം ചുവടെ ചേർക്കുന്നു.

Closing Balance-105791

Fine-2075

Demand For The Month-68913

Total-176779/-

വാട്ടർ അതോറിറ്റിയിൽ നിന്നും ഡിമാന്റ് വരുന്ന തുകകൾ എല്ലാ മാസവും കൃത്യമായി (കുടിശ്ശിക കൂടാതെയുള്ളത്) അടവാക്കുന്നുണ്ടെങ്കിലും വീണ്ടും തുക കുടിശ്ശിക വരുന്നതിന്റെ കാരണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തിയിട്ടുണ്ടോ എന്ന വിവരം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം - 18 തീയതി 10.03.2023ന് ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ അതോറിറ്റി തുക കൃത്യമായി അക്കൗണ്ട് ചെയ്യാത്തതുകൊണ്ടാണ് ഇപ്രകാരം വരുന്നതെന്നും പലപ്രാവശ്യം വാട്ടർ അതോറിറ്റിക്ക് കത്തുകൾ നൽകിയെങ്കിലും നടപടി സ്വീകരിക്കുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്.

150 ടാപ്പുകളിൽ 30 എണ്ണം മാത്രമാണ് നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളതെന്ന് പഞ്ചായത്ത് വാട്ടർ അതോറിറ്റിയെ അറിയിക്കുകയും അതനുസരിച്ച് പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും വിശദീകരിച്ചിട്ടുണ്ട്.

ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയ പൈപ്പുകളിൽ കേടായ പൈപ്പുകൾ, ജല ലഭ്യത ഇല്ലാത്തവ എന്നിവ ഒഴിവാക്കുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് അടിയന്തിരമായി പൂർത്തിയാക്കുകയും ഭരണതല നടപടികളിലൂടെ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് അടവ് വിവരം കൃത്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-19 പാഥേയം-ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടവാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ,പേര് | 28/21-22, പാഥേയം |
| ഫണ്ട് | വികസന ഫണ്ട് |
| അടങ്കൽ | 374400 |
| ചെലവ് | 374400 |

അഗതികളും 60 വയസ്സിന് മുകളിലുള്ളവരും ഒരു നേരത്തെ ആഹാരം പോലും ലഭ്യമല്ലാത്തവരുമായ വയോജനങ്ങൾക്ക് ഒരു നേരത്തെ പാകം ചെയ്ത ആഹാരം കുടുംബശ്രീ വഴി ലഭ്യമാക്കുന്ന പദ്ധതി ഗ്രാമപഞ്ചായത്ത് വിഹിതമായി 374400/- രൂപ ജില്ലാ പഞ്ചായത്തിന് കൈമാറി. പ്രസ്തുത പ്രോജക്റ്റിൽ CDS ന്റെ പേരിലുള്ള തനത് ഫണ്ട്/ പാഥേയം അക്കൗണ്ട് എന്നിവയിൽ 31.3.2022 ലും നാളിതുവരെയും ചെലവാകാതെ അവശേഷിക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം. 14/14.3.2023) ലഭ്യമാക്കിയ മറുപടിയിൽ തനത് ഫണ്ടിൽ (Catholic Syrian Bank, A/c No.0160-02625812-190001, Vilabhagam Branch) 136032/- രൂപയും, പാഥേയം അക്കൗണ്ടിൽ (Kerala Gramin Bank, A/c No.40700101037816, Varkala Branch) 494939/- രൂപയും പലിശ ഇനത്തിൽ 124730/- രൂപയും ഉൾപ്പെടെ ആകെ 755701/- രൂപ 31.3.2022 ൽ അവശേഷിക്കുന്നതായും 14.3.2023 ൽ 706875/- രൂപ നിലവിലുള്ളതായും അറിയിച്ചിട്ടുണ്ട്. പ്രോജക്റ്റിനായി ലഭ്യമായ തുകയിൽ നീക്കിയിരിപ്പായി അവശേഷിക്കുന്ന തുകയുടെ തിരിച്ചടവ് സംബന്ധിച്ച് ജില്ലാമിഷൻ കോ ഓർഡിനേറ്റർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ തിരിച്ചടവ് സംബന്ധിച്ച കൃത്യത ഉറപ്പ് വരുത്തി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 നിർമ്മാണം പൂർത്തിയാക്കിയ എയ്റോബിക് ബിന്നുകൾ

**പ്രവർത്തനക്ഷമമാക്കേണ്ടതാണ്**

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം പൂർത്തിയാക്കിയ വിവിധ എയ്റോബിക് ബിൻ നിർമ്മാണ പ്രവൃത്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം,പേര് | 163/21-22,ആശുപത്രിയിൽ എയ്റോബിക് ബിന്നും ഷെഡും സ്ഥാപിക്കൽ |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് |
| അടങ്കൽ | 360000 |
| ചെലവ് | 72000 /-(തൻ വർഷത്തെ സുലേഖ പ്രകാരമുള്ള ചെലവ്)<br>316413/- (ആകെ പ്രവൃത്തി മൂല്യം) |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 12.5.2022 |

2.

| | |
|---|---|
| പ്രോജക്റ്റ് നം,പേര് | 164/21-22, ഗവ.സ്കൂളിൽ എയ്റോബിക് ബിന്നും ഷെഡും സ്ഥാപിക്കൽ |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് |
| അടങ്കൽ | 360000 |
| ചെലവ് | 150000/-(തൻ വർഷത്തെ സുലേഖ പ്രകാരമുള്ള ചെലവ്)<br>312647/- (ആകെ പ്രവൃത്തി മൂല്യം) |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 24.3.2022 |

3.

| | |
|---|---|
| പ്രോജക്റ്റ് നം,പേര് | 165/21-22, വിള ഭാഗം മാർക്കറ്റിൽ എയ്റോബിക് ബിന്നും ഷെഡും സ്ഥാപിക്കൽ |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് |
| അടങ്കൽ | 500000 |
| ചെലവ് | 150000/-(തൻ വർഷത്തെ സുലേഖ പ്രകാരമുള്ള ചെലവ്)<br>285661/- (ആകെ പ്രവൃത്തി മൂല്യം) |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 24.3.2022 |

മൂന്ന് പ്രവൃത്തികളിലായി ആകെ 9,14,721/- രൂപ ചെലവാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി സ്ഥലങ്ങൾ 15.3.2023 ൽ അസിസ്റ്റന്റ് എൻജിനീയറോടൊപ്പം സന്ദർശിച്ചു. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും എയ്റോബിക് ബിന്നുകൾ പ്രവർത്തനമില്ലാത്തതായി കണ്ടെത്തി. എയ്റോബിനുകൾ പ്രവർത്തനക്ഷമമാക്കാത്തതിന്റെ കാരണവും എയ്റോബിനുകൾ പ്രവർത്തിപ്പിക്കുന്നതിനായി ചുമതല നൽകിയതിന്റെ വിവരങ്ങളും ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി-38/15.03.2023), ലഭ്യമാക്കിയ മറുപടിയിൽ 22.3.2023 ന് പ്രവർത്തനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിനുള്ള തീരുമാനത്തിനായി പഞ്ചായത്ത് കമ്മിറ്റിക്ക് അജണ്ട തയ്യാറാക്കിയിട്ടുണ്ടെന്നും, എയ്റോബിനുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ചുമതല ഹരിതകർമ്മ സേനക്കാണെന്നും , അവർക്ക് പരിശീലനം പൂർത്തീകരിക്കാത്തതിനാലാണ് പ്രവർത്തനത്തിന് കാലതാമസം നേരിട്ടതെന്നും അറിയിച്ചിട്ടുണ്ട്. എയ്റോബിനുകൾ പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-21 പദ്ധതി നിർവ്വഹണം-കരാറുകാരുമായി നിയമാനുസൃത കരാറിൽ ഏർപ്പെടേണ്ടതാണ്.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്റ്റ് നം,പേര് | 128/21-22,വാട്ടർ ടാങ്ക് വിതരണം |

| | |
|---|---|
| അടങ്കൽ | 90000<br>വികസനഫണ്ട് SCP 67500<br>ഗുണഭോക്തൃ വിഹിതം 22500 |
| ചെലവ് | 79750<br>വികസനഫണ്ട് SCP 59798<br>ഗുണഭോക്തൃ വിഹിതം 19952 |

കുടിവെള്ളം സംഭരിക്കുന്നതിന് 30 കുടുംബങ്ങൾക്ക് 500 ലിറ്ററിന്റെ ടാങ്ക് നൽകുന്നതിന്, 25 % തുക ഗുണഭോക്തൃ വിഹിതമായി ഈടാക്കുകയും 75% തുക സബ്സിഡി ഇനത്തിൽ നൽകുന്ന രീതിയിലുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

പ്രസ്തുത പദ്ധതിക്ക് A2/6216/19, 22.9.2021 നം ആയി ടെൻഡർ ക്ഷണിക്കുകയും 6.10.2021 ൽ ഹാരാ ഫർണ്ണിച്ചർ എന്ന സ്ഥാപനം സാധനം സപ്ലൈ ചെയ്യുന്നതിന് (2422/-) കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുകയും 13.10.2021ലെ I(3) നം ഭരണസമിതി തീരുമാന പ്രകാരം പ്രസ്തുത സ്ഥാപനത്തിന് കരാർ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി സ്ഥാപനം 20.11.2021 ൽ നൽകിയ കത്ത് പ്രകാരം സാധനം സപ്ലൈ ചെയ്യുന്നതിൽ നിന്നും പിൻമാറുകയും തുടർന്ന് റീടെൻഡർ ചെയ്ത് പദ്ധതി നടപ്പിലാക്കുകയുമാണുണ്ടായത്. ഇപ്രകാരം റീടെൻഡർ നടപടി സ്വീകരിക്കേണ്ടി വന്നതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസവും, അധിക സാമ്പത്തിക ചെലവും ഉണ്ടായിട്ടുണ്ട്.

കരാർ എറ്റടുത്ത ശേഷം പിൻമാറിയ പ്രസ്തുത സ്ഥാപനത്തിനെതിരെ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ആവശ്യപ്പെട്ടതിന്(ഓഡിറ്റ് എൻക്വയറി നം -25തീയതി 14.03.2023) ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനം കരാറുകാരൻ വിറ്റതായും, കരാറുകാരനുമായി നിയമാനുസൃത കരാറിൽ ഏർപ്പെടാത്തതിനാൽ മറ്റ് നിയമ നടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ടെന്ററർ നടപടിയിൽ വിജയിച്ച് കരാർ ലഭ്യമാകുന്ന സ്ഥാപനങ്ങളുമായി നിയമാനുസൃത കരാറിൽ ഏർപ്പെടേണ്ടതും ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-22 അസറ്റ് മാനേജ്മെന്റ്- സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിട്ടുണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം, തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിൽ അതിന്റെ വിശദവിവരം, ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നതിന്റെ വിവരം, മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് 2021-22 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു എന്ന് വിശദമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാന്വലിലെ അഞ്ചാം അധ്യായത്തിൽ ഉപയോഗശൂന്യമായ ആസ്തികൾ സമയബന്ധിതമായി കയ്യൊഴിയണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത് പ്രാവർത്തികമാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 24/14.03.2023) മറുപടിയായി അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ലെന്നും, നടപ്പ് സാമ്പത്തിക വർഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വാല്യുവേഷൻ പ്രകാരം ഉപയോഗശൂന്യമായ ആസ്തികൾ കയ്യൊഴിഞ്ഞിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 സുഭിക്ഷ കേരളം ബയോഫ്ളോക്ക് മത്സ്യ കൃഷി പദ്ധതി -സബ്സിഡി മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | സുഭിക്ഷ കേരളം ബയോഫ്ലോക്ക് മത്സ്യ കൃഷി |
| നിർവ്വഹണോദ്യോഗസ്ഥൻ | ഫിഷറീസ് ഓഫീസർ |

| | |
|---|---|
| പ്രോജക്ട് നമ്പർ | 40/22 |
| അടങ്കൽ | 1,38,000/-<br>വികസനഫണ്ട്-36800/-<br>ഗുണഭോക്തൃവിഹിതം-82800/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-18400/- |
| ചെലവ് | 34220/- |
| ബിൽ നമ്പർ | 402/26.03.2022 |

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സുഭിക്ഷകേരളം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണിത്. വിഷരഹിത മത്സ്യം പ്രാദേശികമായി ഉറപ്പുവരുത്തുക, ഉൾനാടൻ മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുക എന്നിവയാണ് സംസ്ഥാന സർക്കാരിന്റെ മൽസ്യസമൃദ്ധി(മത്സ്യ) പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുള്ള ബയോഫ്ളോക്ക് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

സുഭിക്ഷ കേരളം ബയോഫ്ളോക്ക് മത്സ്യ കൃഷിയുടെ ഗുണഭോക്താവായ ശ്രീ.ശ്യാം.ആർ, കല്ലുകടവിൽ, യൂണിറ്റ് ചെലവായ 1,02,737/- രൂപയുടെ വൗച്ചറുകളും ബില്ലുകളും ഹാജരാക്കിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ ടിയാൾക്ക് 34220/-രൂപ നൽകിയിട്ടുണ്ട്. സബ്സിഡിത്തുകയുടെ മൂന്നിൽ രണ്ടു വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനവും മൂന്നിൽ ഒന്ന് ഫിഷറീസ് വകുപ്പും വഹിക്കണമെന്ന് സുഭിക്ഷ കേരളം സംബന്ധിച്ച തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 29.05.2020ലെ സ.ഉ(സാധാ)നം 1009/2020 ൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും മുഴുവൻ സബ്സിഡിയും വികസന ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചത്. യൂണിറ്റിന് ആകെ ചെലവായ 102737/- രൂപയുടെ 40% തുകയായ 41095/- രൂപയുടെ മൂന്നിൽ രണ്ട് ഭാഗമായ 27397/- രൂപ മാത്രം പഞ്ചായത്ത് നൽകിയാൽ മതിയാകുന്നതാണ്. ഫിഷറീസ് വകുപ്പിൽ നിന്നും സീഡ് വാങ്ങുന്നതിനായി തുക ലഭ്യമായിട്ടുണ്ടെന്ന് ഫിഷറീസ് ഓഫീസർ അറിയിച്ചിട്ടുണ്ട്.(ഓഡിറ്റ് അന്വേഷണം നം - 13തീയതി 10.03.2023.)

സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രോജക്ട് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 മത്സ്യതൊഴിലാളികൾക്ക് കട്ടമരം നൽകൽ പദ്ധതി- സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടണം.

| | |
|---|---|
| പദ്ധതിയുടെ പേര് | ഫൈബർ റീഎൻഫോഴ്സ്ഡ് കട്ടമരം ചെറിയ തടിവള്ളം |
| നിർവ്വഹണോദ്യോഗസ്ഥൻ | ഫിഷറീസ് ഓഫീസർ |
| പ്രോജക്ട് നമ്പർ | 39/22 |
| അടങ്കൽ | 6,00,000/-<br>വികസനഫണ്ട്-450000/-<br>ഗുണഭോക്തൃവിഹിതം-150000/- |
| ചെലവ് | 3,60,000/- |
| ബിൽ നമ്പർ | 310/25.2.22 |

മത്സ്യതൊഴിലാളികളുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനായി കട്ടമരം വാങ്ങി നൽകുന്ന പദ്ധതിയാണിത്. 2021-22 വർഷം 10 ഗുണഭോക്താക്കൾക്ക് ഫൈബർ റീഎൻഫോഴ്സ്ഡ് കട്ടമരം നൽകിയിട്ടുണ്ട്.

സ.ഉ(കൈ) നം 22/2018/തസ്വഭവ.തീയതിന14.2.2018 പ്രകാരമുള്ള മാർഗ്ഗരേഖയിലെ ഖ 6.3 ലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല.

1) കട്ടമരത്തിന്റെ നിർമ്മാണം മുതൽ ഉദ്യോഗസ്ഥരും ഗുണഭോക്താക്കളും പരിശോധന നടത്തേണ്ടതാണ് എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

2) മത്സ്യബന്ധന വർക്കിംഗ് ഗ്രൂപ്പ് പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല. കട്ടമരത്തിന്റെ ഗുണനിലവാരം പരിശോധിച്ചിട്ടില്ല.

അപാകതകൾ തുടർവർഷങ്ങളിലെ പദ്ധതി നടത്തിപ്പിൽ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന്റെ (നമ്പർ 10/10.3.23) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് പദ്ധതികൾ

നടപ്പിലാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട പദ്ധതി -കൃത്യമായ കരാറിൽ ഏർപ്പെട്ടിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| പ്രോജക്ട് നമ്പർ | 66/22 |
| അടങ്കൽ | 180000/-<br>വികസനഫണ്ട് |
| ചെലവ് | 30000/- |
| ബിൽ നമ്പർ | 366/21.3.22 |

2021-22 വർഷം വി.ഇ.ഒ നടപ്പിലാക്കിയ ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട എന്ന പദ്ധതിക്കായി ശ്രീ.നഹാസ് വഹാബ് എന്നയാൾക്ക് തുക നൽകിയിട്ടുണ്ട്.

സ.ഉ(കൈ)നം.22/2018/തസ്വഭവ തീ.14.02.2018 ലെ ഉത്തരവ് പ്രകാരമുള്ള മാർഗരേഖ ഖണ്ഡിക 6.4(13) പ്രകാരം പെട്ടിക്കട നൽകുന്നയാൾക്ക് ആദ്യ വർഷം നടത്തിപ്പിനുള്ള അവകാശം മാത്രമേ നൽകാവൂ.അതിനു ശേഷം സ്വന്തമായി നൽകാം എന്ന് വ്യക്തമാകുന്നു. എന്നാൽ ടിയാളുമായി ഏർപ്പെട്ട കരാറിൽ ഈ വിവരം രേഖപ്പെടുത്തിയിട്ടില്ല. അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം - 30തീയതി 14.03.2023.)

സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രം ഗുണഭോക്താക്കൾക്ക് തുക നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ഹരിതകർമ്മ സേന വയബിലിറ്റി ഗ്യാപ് ഫണ്ട് പദ്ധതി - നടപടിക്രമം പാലിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ഹരിതകർമ്മ സേന വയബിലിറ്റി ഗ്യാപ് ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| പ്രോജക്ട് നമ്പർ | 166/22 |
| അടങ്കൽ | 357000-<br>ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് | 56892/- |
| ബിൽ നമ്പർ | 12642/-78/30.9.21<br>29250/-159/21.12.21<br>7500/-272/7.2.22<br>7500/-335/11.3.22 |

2021-22 വർഷം വി.ഇ.ഒ നടപ്പിലാക്കിയ ഹരിതകർമ്മ സേന വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിച്ച് വിവിധ ബില്ലുകൾ പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 12642/-രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. ബാക്കി 44250/- രൂപയുടെ ചെലവ് വിവരം സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം - 31തീയതി 14.03.2023.ന് മറുപടിയായി ഹരിതകർമ്മസേനയ്ക്കായി വാഹനം ഓടിയ വകയിൽ ലാലു എന്നയാളിന് നൽകിയ തുകയാണെന്ന് അറിയിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയ്ക്കായി ഓടിയ വാഹനത്തിന്റെ വിവരമോ ശ്രീ.ലാലുവിനെ തെരഞ്ഞെടുത്തതിന്റെ വിശദാംശങ്ങളോ ലഭ്യമല്ല. ലാലുവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടില്ല.

കൃത്യമായ നടപടിക്രമങ്ങൾ പാലിച്ച് വാഹനം തെരഞ്ഞെടുക്കുകയും കൃത്യമായ കരാറിൽ ഏർപ്പെടുകയും ചെയ്യേണ്ടതാണ്.

## 1-27 ലൈഫ് മിഷൻ ഭവന പദ്ധതി -നടപടിക്രമങ്ങളിൽ അപാകത

| | |
|---|---|
| പദ്ധതിയുടെ പേര് | ലൈഫ് മിഷൻ ഭവന പദ്ധതി,രണ്ടാം ഘട്ടം, ഫിഷറീസ് വകുപ്പ് |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| പ്രോജക്ട് നമ്പർ | 61/22 |
| അടങ്കൽ | 4800000/-<br>ബ്ലോക്ക് പഞ്ചായത്ത് – 1000000<br>ജില്ലാപഞ്ചായത്ത് -1000000<br>സംസ്ഥാനാവിഷ്കൃത ഫണ്ട്,800000<br>വികസനഫണ്ട് – 240000<br>മറ്റുള്ളവ 1760000 |
| ചെലവ് | 440000/- |
| ബിൽ നമ്പർ | 160000/-86/6.10.21<br>40000/-141/1.12.21<br>40000/-212/17.1.22<br>200000/-284/30.3.22 |

ലൈഫ് മിഷൻ ഭവന പദ്ധതി,രണ്ടാം ഘട്ടം, ഫിഷറീസ് വകുപ്പ് പ്രകാരം 6 ഗുണഭോക്താക്കൾക്ക് തുകകൾ നൽകിയിട്ടുണ്ട്.

1) സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 ലെ ഉത്തരവ് പ്രകാരമുള്ള മാർഗരേഖ അനുബന്ധം 3 പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരമാണ് ഗുണഭോക്താവ് ഗ്രാമപഞ്ചാത്തുമായി കരാർ ചമയ്ക്കേണ്ടത്. എന്നാൽ ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്താതെയാണ് ഗുണഭോക്താക്കളുമായി കരാർ ചമച്ചിട്ടുള്ളത്. പല ഗുണഭോക്താക്കളും കരാറിൽ ഒപ്പു രേഖപ്പെടുത്തിയിട്ടില്ല.(ഉദാ.നാസില, ഒസ്സാക്കുടി)

2) ഓരോ ഘട്ടത്തിലും തുക നൽകുന്നതിനുമുമ്പ് നിർമ്മാണവിവരത്തിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

3)സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 ലെ ഉത്തരവ് പ്രകാരം ആദ്യഗഡു കൈപ്പറ്റി ആറ് മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കണം. എന്നാൽ, താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന പദ്ധതിയുടെ ആദ്യ ഗഡു തുക കൈപ്പറ്റി ആറ് മാസം പൂർത്തീകരിച്ചെങ്കിലും നാളിതുവരെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

| പേര് | വിലാസം | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | തുക |
|---|---|---|---|
| അഷറഫ് | ചിററിലക്കാട്,വെട്ടൂർ | 01.12.2021 | 200000 |

ഓഡിറ്റ് അന്വേഷണം നം - 32തീയതി 14.03.2023.ന് മറുപടിയായി സ്റ്റേജ് സർട്ടിഫിക്കറ്റ് വയ്ക്കാത്തത് അപാകതയാണെന്നും ഭാവിയിൽ ആവർത്തിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്. ശ്രീ.അഷറഫ് എന്നയാളിന് ഹൃദയസംബന്ധമായ അസുഖത്തെതുടർന്നാണ് ഭവന നിർമ്മാണം പൂർത്തിയാകുവാൻ താമസിക്കുന്നതെന്നും നിലവിൽ നിർമ്മാണം തുടരുന്നതായും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ് .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | സുഭിക്ഷ കേരളം - തരിശ് ഭൂമി കൃഷി | 29890 |
| | പാലിയേറ്റീവ് പരിചരണം | 200000 |
| | ലൈഫ് മിഷൻ ഭവന പദ്ധതി - രണ്ടാംഘട്ടം - എസ് സി ഡിപ്പാർട്ട്മെന്റ് | 200000 |
| | ന്യൂലൈഫ് -കോളനികളിലെ ഭവന പുനരുദ്ധാരണം | 199521 |
| | ലൈഫ് മിഷൻ ഭവനപദ്ധതി - മൂന്നാം ഘട്ടം | 2100000 |
| | അങ്കണവാടി പോഷകാഹാര വിതരണം | 100000 |
| | സ്നേഹ സ്പർശം | 198375 |
| | ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 50000 |
| | അങ്കണവാടിക്ക് ഭൂമി വാങ്ങൽ | 150000 |
| | ക്ഷീര സമൃദ്ധി (പാലിന് സബ്സിഡി) | 100000 |
| ആകെ | | 3327786 |
| ജില്ല പഞ്ചായത്ത് | ന്യൂലൈഫ് -കോളനികളിലെ ഭവന പുനരുദ്ധാരണം | 691598 |
| | ലൈഫ് മിഷൻ ഭവനപദ്ധതി - മൂന്നാം ഘട്ടം | 2000000 |
| | സ്നേഹ സ്പർശം | 198375 |
| | ക്ഷീര സമൃദ്ധി (പാലിന് സബ്സിഡി) | 100000 |
| ആകെ | | 2989973 |

| | 2020-21 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP – 7, RP –30എന്നിവ പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2021-22 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 46138 | 2989973 | 3036111 | 2989973 | 46138 | 46138 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1214000 | 3347786 | 4561786 | 3327786 * | 1234000 | 1214000 |

* Contributions For Other Specific Purposes (For Revenue Expenditure) – From Block Panchayats എന്ന ഹെഡിൽ (320700404) ജനകീയ ഹോട്ടലിന്റെ പ്രവർത്തനത്തിനായി ലഭിച്ച 20,000 രൂപ ചെലവ് ചെയ്തതായി ലെഡ്ജർ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ജനകീയ ഹോട്ടൽ ഷെഡ് നിർമ്മാണം(നമ്പർ127) എന്ന പ്രോജക്ടിനായി തനത് ഫണ്ട് ഉൾപ്പെടുത്തി 48,108 രൂപ ചെലവഴിച്ചതിൽ ബ്ലോക്ക് വിഹിതമായ 20000 രൂപ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൌണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതും ഉൾപ്പെടുന്നു. പ്രസ്തുത ചെലവ് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.(ഓഡിറ്റ് എൻക്വയറി നമ്പർ 05/09.03.2023).

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രോജക്ടിന്റെ പേര് | തൻ വർഷം |
|---|---|---|

| | | നിക്ഷേപിച്ച തുക |
|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 414027 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ പോസ്റ്റ് ഷിഫ്റ്റിംഗ് | 374179 |

നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ നീക്കിയിരിപ്പിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | 2020-21 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം (RP49 പ്രകാരം) | ആകെ | 2021-22 വർഷം വിനിയോഗിച്ചത് / തിരികെ ലഭിച്ചത് | 2021-22 B18/ B15 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 209495 | 414027 | 623522 | 0 | 623522 |
| കെ.എസ്.ഇ.ബി | 0 | 374179* | 374179 | 0 | 374179 |
| ഭൂജല വകുപ്പ് | 185000 | 0 | 185000 | 0 | 185000 |

*RP 35 ലെ ഹെഡ് 350109999 Amount Payable To Other Creditors ൽ KSEB വിവിധ വാർഡുകളിൽ പോസ്റ്റ് ഷിഫ്റ്റിംഗ് (100/22) എന്ന പ്രോജക്ടിന്റെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവായ 1,23,179 രൂപ ഉൾപ്പെട്ടിട്ടുണ്ട്.

എ)ഭൂജല വകുപ്പിലുള്ള നിക്ഷേപത്തിന്റെ മുന്നിരിപ്പായി 1,85,000 രൂപയുണ്ടായിരുന്നു. മുനികുന്ന് കുടിവെള്ള പദ്ധതിക്കായി നൽകിയ തുകയിൽ 70,575 രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. ബാക്കി നിൽക്കുന്ന 1,14,425 രൂപയ്ക്ക് കുഴൽ കിണർ നിർമ്മിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, 1,85,000 രൂപ നീക്കിയിരിപ്പായി ബാലൻസ് ഷീറ്റിൽ (B-15)ഉൾപ്പെടുത്തിയിട്ടുണ്ട്. AFS തയ്യാറാക്കുന്ന സമയം വിനിയോഗ സാക്ഷ്യപത്രം ശ്രദ്ധയിൽപ്പെടാതിരുന്നതിനാലാണ് ബാലൻസ് ഷീറ്റിൽ 1,85,000 രൂപ ഉൾപ്പെടുത്തിയതെന്നും വരും വർഷത്തെ AFSൽ ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 20/13.03.2023ന്റെ മറുപടി).

ബി)കേരള വാട്ടർ അതോറിറ്റിയിൽ 2021-22 വർഷം വരെ നിലവിലുണ്ടായിരുന്ന തുക തിരികെ ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ, ഓഡിറ്റ് എൻക്വയറി നമ്പർ 07/10.03.2023ന്റെ മറുപടി പ്രകാരം 08.02.2022ന് ലഭ്യമായ വിനിയോഗ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് മുതലായവയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | നിക്ഷേപം | വിനിയോഗിച്ച തുക | ബാക്കി |
|---|---|---|---|---|
| I | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-വിവിധ സ്ഥലങ്ങൾ | 439966 | 437702 | 2264 |
| Ii | മത്സ്യ ഭവന് കുടിവെള്ള കണക്ഷൻ | 13706 | 8506 | 5200 |
| Iii | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - കഴുത്തുമ്മൂട് | 67862 | 62925 | 4937 |
| Iv | വെണ്ണികോട്, വിളഭാഗം, മുനികുന്ന് അങ്കണവാടികളിൽ കുടിവെള്ള കണക്ഷൻ | 30000 | 21291 | 8709 |
| V | 25mmപൈപ്പ് ലൈൻ-ഫിഷറീസ് ഓഫീസ് | 22000 | 13859 | 8141 |
| Vi | 63 Mmപൈപ്പ് ലൈൻ – നീറത്തുവിള, താന്നിവിള | 74000 | 73684 | 316 |
| Vii | 40mmപൈപ്പ് ലൈൻ – താന്നിവിള ഇടവഴി | 60000 | 39410 | 20590 |
| Viii | ആയുർവേദ ആശുപത്രി - കാട്ടുവിള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 90000 | 80942 | 9058 |
| Ix | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-കൊച്ചുവിള കോളനി | 670000 | 499703 | 170297 |
| ആകെ | | 1467534 | 1238022 | 229512 |

ബാക്കി നിന്ന 2,29,512 രൂപ ചെക്ക് നമ്പർ 007714 /15.02.2022 പ്രകാരം തിരികെ ലഭിച്ചിട്ടുണ്ട്.

പ്രസ്തുത തുക തിരികെ ബന്ധപ്പെട്ട ഹെഡിൽ ഒടുക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | | മുതൽ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്)68/18 തീയതി 15.05.2018 | 1160000 | 9404260 | 1437333 | 9126927 |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സാധാ) നം.275/2010 തീയതി 27.01.2010 | 0 | 869106 | 869106 | 0 |

## 4-5 സ്ഥിര നിക്ഷേപം

| FD നമ്പർ | തുക | പലിശ നിരക്ക് | നിക്ഷേപ തീയതി | മെച്യൂരിറ്റി തീയതി | ബാങ്ക് |
|---|---|---|---|---|---|
| 10293 | 10,000 | 10% | 11.07.2012 | 11.07.2022 | സർവ്വീസ് സഹകരണ ബാങ്ക്, വെട്ടൂർ |

സ്ഥിര നിക്ഷേപത്തിന്റെ മെച്യൂരിറ്റി തീയതി 11.07.2022 ആണ്. എന്നാൽ സ്ഥിരനിക്ഷേപം പുതുക്കി നിക്ഷേപിച്ചിട്ടില്ല.

പ്രസ്തുത സ്ഥിരനിക്ഷേപത്തിന്റെ പലിശ, എറ്റവും മികച്ച അങ്കണവാടി വർക്കർക്ക് നൽകുന്നതിന് ഒരു വ്യക്തി സെക്രട്ടറിയുടെ പേരിൽ നിക്ഷേപിച്ചിട്ടുള്ളതാണെന്നും പലിശ തുക എല്ലാ വർഷവും ബാങ്കിൽ നിന്നും നേരിട്ട് അപ്രകാരം നല്കിവരികയാണെന്നും അറിയിച്ചിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി നമ്പർ 11/10.03.2023ന്റെ മറുപടി). സ്ഥിരനിക്ഷേപം പുതുക്കി 2022-23 AFSൽ രേഖപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2017-18 | 2-7 | 27067 | ജീവൻലാൽ | 1210101672/ 10.12.2021 |
| 2017-18 | 3-11 | 73490 | അനിൽകുമാർ | 121010046/ 25.10.2021 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2008-09 | 3-5-1എ | 2004-05 | SGRYകൺവീനറെ തെരഞ്ഞെടുത്തതിലെ ക്രമക്കേട് | ബഹു. കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നു. |
| | | 2005-06 | SGRYക്രമക്കേട് | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 8011664 |
| ഓഡിറ്റ് വർഷത്തെ വരവ് | 71333822 |
| ആകെ | 79345486 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 68858502 |
| നീക്കിയിരിപ്പ് | 10486984 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/176/2022 തീയതി14.10.2022 | 2 |
| 2006-07 | | 4 |
| 2007-08 | | 2 |
| 2008-09 | | 2 |
| 2011-12 | | 3 |
| 2012-13 | | 4 |
| 2013-14 | | 2 |
| 2014-15 | | 3 |
| 2015-16 | | 2 |
| 2016-17 | | 4 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.07/444/2019 തീയതി 26.04.2019 | 26 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.07/196/2020 തീയതി 29.09.2021 | 34 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.07/1294/2021 തീയതി 28.09.2022 | 58 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.07/986/2022 തീയതി 03.10.2022 | 39 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021 /തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്